--ഭരണഭാഷ മാതൃഭാഷ--

**<u>പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ (ജനറൽ) നടപടി ഉത്തരവ്</u>**

(ഹാജർ- സി എ സന്തോഷ്)

*<u>വിഷയം:</u> പൊ.വി- അദ്ധ്യാപക സംഘടനകളുടെ വാർഷിക സമ്മേളനം - വിദ്യാഭ്യാസ സെമിനാർ- പ്രതിനിധികൾക്ക് ഡ്യൂട്ടി ലീവ് അനുവദിക്കുന്നു- ഉത്തരവ്- സംബന്ധിച്ച്*

*<u>സൂചന:</u>*

1. *14.02.2008 ലെ സ ഉ (സാധാ) നം 841/2008/പൊ.വി.വ*
2. കേരള പ്രൈവറ്റ് പ്രൈമറി ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ് നമ്പർ DGE/286/2022-H3 തിയതി 26/04/2022</u>**

സംസ്ഥാനത്തെ അദ്ധ്യാപക സംഘടനകൾക്ക് അവരുടെ വാർഷിക സമ്മേളനത്തോടനുബന്ധിച്ചുള്ള വിദ്യാഭ്യാസ സെമിനാറിൽ പങ്കെടുക്കുന്നതിന് പരമാവധി രണ്ട് ദിവസം ഡ്യൂട്ടി ലീവ് അനുവദിച്ച് നൽകാൻ പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം കേരള പ്രൈവറ്റ് പ്രൈമറി ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി സമർപ്പിക്കപ്പെട്ട അപേക്ഷ പരിഗണിച്ച് 2022 മെയ് മാസം 4,5,6 തീയതികളിൽ നടക്കുന്ന കേരള പ്രൈവറ്റ് പ്രൈമറി ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ സംഘടനയുടെ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചുള്ള വിദ്യാഭ്യാസ സെമിനാറിൽ പങ്കെടുക്കുന്ന പ്രധാനാദ്ധ്യാപകർക്ക് പരമാവധി രണ്ട് ദിവസം ഡ്യൂട്ടി ലീവ് അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

തത്സമയം പ്രാബല്യത്തിലുള്ള കൊവിഡ് പ്രോട്ടോക്കോൾ പ്രകാരമുള്ള എണ്ണം ആളുകൾ മാത്രമേ സമ്മേളനത്തിൽ പങ്കെടുക്കുന്നുള്ളൂ എന്ന് സംഘാടകർ ഉറപ്പാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച തിയതികളിൽ സമ്മേളനത്തിൽ / സെമിനാറിൽ പങ്കെടുത്തവർക്ക് സംഘടനകളുടെ ജനറൽ സെക്രട്ടറിയോ പ്രസിഡന്റോ നൽകുന്ന ഡ്യൂട്ടി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി രണ്ട് ദിവസം ഡ്യൂട്ടി ലീവ് പ്രധാനാദ്ധ്യാപകർ അനുവദിക്കേണ്ടതാണ്.

തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം ഉത്തരവിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സംഘടനയ്ക്ക് അംഗീകാരം നൽകിയ ഉത്തരവിന്റെ പകർപ്പും സമ്മേളനത്തിന്റെ നോട്ടീസിന്റെ പകർപ്പും നൽകേണ്ടതാണ് . സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് പ്രസിഡന്റ് ജനറൽ സെക്രട്ടറി എന്നിവർ പുതുതായി തെരഞ്ഞെടുക്കപെടുന്ന പക്ഷം അവരുടെ പേര്, വിലാസം (ഇ-മെയിൽ ഉൾപ്പടെ) ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

Signature Not Verified
Digitally signed by SANTHOSH C A
Date: 2022.04.26 12:45:32 IST
Reason: Approved
Location: ERNAKULAM

സി എ സന്തോഷ് (പെൻ- 362891)

**പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**

<u>സ്വീകർത്താവ്</u>

1. ബന്ധപ്പെട്ട സംഘടനാ ഭാരവാഹികൾ
2. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും
3. എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും (വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖേന)
4. എല്ലാ സ്കൂൾ പ്രധാനാദ്ധ്യാപകരും (ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
5. കരുതൽ ഫയൽ